(ബി) ഇതേ ആവശ്യം ഉന്നയിച്ച് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ (നമ്പർ.6134/സി.എം.വി.സി.) ആർ.ഡി.2000/ജി.എ.ഡി) 12-1-2001-ൽ നൽകിയ പരാതി പ്രകാരം ഇതുവരെ എന്ത് നടപടി എടുത്തു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രീമതി തങ്കമ്മയുടെ അപേക്ഷ അനന്തര നടപടികൾക്കായി തഹസീൽദാർക്ക് അയച്ചുകൊടുത്തിരുന്നതിനെത്തുടർന്ന് ഭൂമി പതിവ് ചട്ടങ്ങൾപ്ര കാരം പതിച്ചു പട്ടയം നൽകുന്നതിനുള്ള നടപടികൾ തഹസീൽദാർ സ്വീകരിച്ചുവരുന്നു.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന നെടുമങ്ങാട് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവേ ആന്റ് ലാന്റ് റിക്കാർഡ്സ് വകുപ്പിലെ വിവിധ ഗ്രേഡിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ്

50 (858) ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവേ ആന്റ് ലാന്റ് റിക്കാർഡ്സ് വകുപ്പിലെ വിവിധ ഗ്രേഡിലുള്ള സർവേയർമാർ, സർവേ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സർവേ ആന്റ് ലാന്റ് റിക്കാർഡ്സ് വകുപ്പിലെ സർവേയർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) വ്യവസ്ഥകൾക്കു വിരുദ്ധമായി ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം നിർണ്ണയിച്ചത് സംബന്ധിച്ച് ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളവരുടെ പട്ടിക ലഭ്യമാക്കുമോ ;

(ഡി) യോഗ്യതയും സീനിയോറിറ്റി ചട്ടങ്ങളും ലംഘിച്ച് ജൂനിയർ സർവേയർമാർക്ക് പ്രമോഷൻ നൽകിയ തീയതി കണക്കിലെടുത്ത് സീനിയർ സർവേയർമാർക്ക് നോഷണൽ പ്രമോഷൻ നൽകി സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച പട്ടികയുടെ കോപ്പി ലഭ്യമാകുമോ ?

ഉത്തരം

(എ) കേരള സർവേ ആന്റ് ലാന്റ് റിക്കാർഡ്സ് വകുപ്പിലെ രണ്ടാം ഗ്രേഡ് സർവേയർ, ഒന്നാം ഗ്രേഡ് സർവേയർ, ഹെഡ് സർവേയർ എന്നീ ഗ്രേഡുകളിലെ 1-11-1956 മുതൽ 31-12-1996 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് യഥാക്രമം 6-3-1999, 16-7-1999, 2-5-2000 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് അവയിൻമേൽ ഒരു നിശ്ചിത തീയതിക്കുള്ളിൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് ആവശ്യമുണ്ടെന്നു തോന്നുന്ന വ്യക്തികളെ നേരിൽകേട്ട് ലിസ്റ്റ് ഫൈനലാക്കുന്നു.

(സി) വ്യവസ്ഥകൾക്കു വിരുദ്ധമായി സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം നിർണ്ണയിച്ചിട്ടില്ല.

(ഡി) യോഗ്യതയും സീനിയോറിറ്റി ചട്ടങ്ങളും ലംഘിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) ബാധകമല്ല.

ഭൂനികുതി

51 (860) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു ഹെക്ടർ ഭൂമിക്ക് മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിലും മുനിസിപ്പാലിറ്റികളുടെ അതിർത്തിക്കുള്ളിലും ടൗൺ പഞ്ചായത്തുകളുടെയും ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തിക്കുള്ളിലും നിലവിലിരുന്ന ഭൂനികുതി എത്ര ;

(ബി) ഇപ്പോൾ ഈ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലും നിലവിലുള്ള ഭൂനികുതി എത്രവീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോഴുള്ള പ്ലാന്റേഷൻ ടാക്സിന്റെ തോത് എന്തായിരുന്നു ;

(ഡി) ഇപ്പോൾ പ്ലാന്റേഷൻ ടാക്സിന്റെ തോത് എത്രയാണ് ?

ഉത്തരം

(എ) കേരളഫിനാൻസ് ആക്ട് 1993 (1993-ലെ ആക്ട് 13) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 50 പൈസയും, ടൗൺഷിപ്പ്/മുനിസിപ്പൽ പ്രദേശത്ത് ഒരു രൂപയും, കോർപ്പറേഷൻ പ്രദേശത്ത് രണ്ടു രൂപയും നിരക്കിൽ ആർ ഒന്നിന് ഭൂനികുതി ഈടാക്കി വന്നിരുന്നു.

(ബി) ഒരു ആറിന് യഥാക്രമം ഗ്രാമപഞ്ചായത്തിൽ ഒരു രൂപയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് രണ്ടു രൂപയും, കോർപ്പറേഷൻ പ്രദേശത്ത് നാലു രൂപയും ഈടാക്കിവരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള തോട്ട നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

1. ഒരാളിന്റെ കൈവശത്തിലുള്ള തെങ്ങ്, കമുക് ഒഴികെയുള്ള രണ്ട് ഹെക്ടർ വരെയുള്ള തോട്ടങ്ങളെയും, 4 ഹെക്ടർ വരെയുള്ള തെങ്ങ്, കമുക് തോട്ടങ്ങളെയും തോട്ടനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly